**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2479** **15-10-2024 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയുടെ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡം തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഉണ്ട്;<br><br>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി മാർഗ്ഗരേഖ 29-02-2024-ലെ സ.ഉ. (കൈ) നമ്പർ 16/2024/ID ഉത്തരവ് പ്രകാരം വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനും, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സംരംഭങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ നൽകുന്നതിനും, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിലെ പ്രവർത്തനങ്ങളിൽ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ 29-07-2024-ലെ G.O.(Rt) No. 949/2024/HEDN നമ്പർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളുള്ള ക്യാമ്പസുകൾ കേന്ദ്രീകരിച്ച് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആരംഭിക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ), സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് വെബ് പോർട്ടൽ മുഖേന വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ